## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂലൈ 27, ചൊവ്വ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

8 (*91) <u>കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങാനും 'വിലസ്ഥിരത' ഉറപ്പാക്കാനും സംസ്ഥാന കൃഷി വകുപ്പ് വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" പദ്ധതി മുഖേന കേരളത്തിലെ 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പിന്റെ അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് പദ്ധതിയുടെ

പ്രയോജനം ലഭിക്കുമെന്നും സഭയെ അറിയിച്ചു. ഉത്സവ കാലങ്ങളിൽ ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പൊതുവിപണിയെക്കാൾ 10% അധികവിലയ്ക്ക് ഉല്പന്നങ്ങൾ സംഭരിച്ച് 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ജില്ലകളിൽ വിളകളുടെ അടിസ്ഥാനവില താഴുന്ന ഘട്ടത്തിൽ ജില്ലാ വില നിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം അടിസ്ഥാനവില പ്രഖ്യാപിച്ച് ഉത്പന്നങ്ങൾ സംഭരിക്കുകയും വില വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് (DBT) നൽകുകയും ചെയ്തുവരുന്നു. ഇതുവഴി 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 പേർക്ക് 3.021 കോടി രൂപ നൽകുകയും 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. 'ഓണം സമൃദ്ധി 2021' നടത്തുന്നതിന് 21 കോടി രൂപയുടെയും ജില്ലാതല സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 100 ലക്ഷം രൂപയുടെയും ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 112 ലക്ഷം രൂപയുടെയും കണ്ടെയ്നർ മോഡൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് 252 ലക്ഷം രൂപയുടെയും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വിപണന വാഹനം സജ്ജമാക്കുന്നതിന് 48 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംഭരിച്ച ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ

ഫണ്ടുപയോഗിച്ച് സംഭരണ ശാലകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ സംഭരണ-വിപണനത്തിന് ശാസ്ത്രീയരീതി അവലംബിക്കുന്നതാണ്. നാളികേരത്തിന്റെ സംഭരണവില കുറയുന്ന ഘട്ടത്തിൽ കേരഫെഡ്, നാഫെഡ് എന്നിവ മുഖാന്തിരം വില പിടിച്ചുനിർത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. നെൽകൃഷി കൂടുതൽ ഇടങ്ങളിൽ വ്യാപിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. കൈതച്ചക്കയ്ക്ക് മിനിമം സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്. റബ്ബറിന്റെ സംഭരണവില 170 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതാണ്. ഹോർട്ടികോർപ്പ് വഴി സംഭരിച്ച പച്ചക്കറിയുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ കുടിശ്ശിക തീർക്കുന്നതിനും സംഭരിക്കുന്ന വിത്തിന്റെ വില കാലതാമസം കൂടാതെ നൽകുന്നതിനും വയനാടൻ നേന്ത്രക്കായയുടെ സംഭരണവില നിശ്ചയിച്ചതിൽ പോരായ്മയുണ്ടെങ്കിൽ പരിഹരിക്കുന്നതിനും

കോലിഞ്ചി കർഷകരെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കൃഷി ഭവനുകളിലെ അഗ്രികൾച്ചറൽ ഓഫീസർ, അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ സംഭരണകേന്ദ്രം ആരംഭിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 ( *92) <u>വിദൂര വിദ്യാഭ്യാസ പദ്ധതി</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 20 യു.ജി പ്രോഗ്രാമുകളും 9 പി.ജി പ്രോഗ്രാമുകളും വിദൂര വിദ്യാഭ്യാസ മാതൃകയിൽ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് യു.ജി.സി.-യുടെ കീഴിലുള്ള ഡി.ഇ.ബി-ക്ക് സമർപ്പിക്കുന്നതിനായി സിലബസ്, പ്രോഗ്രാം പ്രോജക്റ്റ് റിപ്പോർട്ട്, എൻട്രി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ടെന്നും അക്കാദമിക്-അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നതായും സഭയെ അറിയിച്ചു.

സർവകലാശാലയുടെ പഠനകേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാനും നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും അപേക്ഷകരുടെ എണ്ണവും കണക്കിലെടുത്ത് മാനദണ്ഡങ്ങൾ പാലിച്ച് കൂടുതൽ റീജിയണൽ സെന്ററുകൾ അനുവദിക്കുന്നതാണ്. അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നും റെഗുലർ അഡ്മിഷൻ പ്രക്രിയകൾ പൂർത്തിയായതിനുശേഷം വിദൂരവ ിദ്യാഭ്യാസത്തിനുള്ള അഡ്മിഷൻ നടത്താൻ കഴിയുന്ന രീതിയിൽ നടപടി സ്വീകരിക്കുന്നതാണെന്നും യൂണിവേഴ്സിറ്റിയിൽ വിദൂര വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ നിലവിലുള്ള സർവ്വകലാശാലകളിൽ അതിനുള്ള സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതുസംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.